<u>**15 -ാം കേരള നിയമസഭ**</u>

<u>**4 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2118**</u> <u>**16-03-2022 - ൽ മറുപടിയ്ക്ക്**</u>

<u>**ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി** | | **null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; അറിയിക്കുമോ; | (എ) | കേരളത്തിൽ ഇ ഹെൽത്ത് പ്രോജക്ട് നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ നേരത്തെ തന്നെ നടപടി സ്വീകരിച്ചിരുന്നു. ഇ-ഹെൽത്ത് പ്രോജക്ട് മാനേജ്മെൻറ് യൂണിറ്റിനെ ‘‘സ്റ്റേറ്റ് ഡിജിറ്റൽ ഹെൽത്ത് മിഷൻ’’ ആയി അംഗീകരിച്ചിട്ടുണ്ട്. ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ള സംവിധാനങ്ങളായ ഹെൽത്ത് ഐ. ഡി, ഹെൽത്ത് കെയർ പ്രൊഫഷണൽസ് രജിസ്ട്രി, ഹെൽത്ത് ഫെസിലിറ്റി രജിസ്ട്രി, ഇലക്ട്രോണിക്ക് ഹെൽത്ത് റിക്കോർഡ്സ് എന്നിവ ഇ ഹെൽത്തുമായി ബന്ധപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി ഇ-ഹെൽത്തുമായി ബന്ധപ്പെട്ടുത്തിയാണോ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | കേരളത്തിൽ ഇ ഹെൽത്ത് പ്രോജക്ട് നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ നേരത്തെ തന്നെ നടപടി സ്വീകരിച്ചിരുന്നു. ഇ-ഹെൽത്ത് പ്രോജക്ട് മാനേജ്മെൻറ് യൂണിറ്റിനെ ‘‘സ്റ്റേറ്റ് ഡിജിറ്റൽ ഹെൽത്ത് മിഷൻ’’ ആയി അംഗീകരിച്ചിട്ടുണ്ട്. ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ള സംവിധാനങ്ങളായ ഹെൽത്ത് ഐ. ഡി, ഹെൽത്ത് കെയർ പ്രൊഫഷണൽസ് രജിസ്ട്രി, ഹെൽത്ത് ഫെസിലിറ്റി രജിസ്ട്രി, ഇലക്ട്രോണിക്ക് ഹെൽത്ത് റിക്കോർഡ്സ് എന്നിവ ഇ ഹെൽത്തുമായി ബന്ധപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്നും അതിനായി കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് സാമ്പത്തിക സഹായം ലഭിക്കുമോ എന്നും വിശദമാക്കാമോ? | (സി) | ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ നടപ്പിൽ വരുത്തുന്നതിലേക്ക് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം അതാത് സംസ്ഥാനങ്ങളിൽ പ്രൊജക്റ്റ് മാനേജ്മന്റ് യൂണിറ്റ് രൂപപ്പെടുത്താനുള്ള മാനവവിഭവശേഷിക്കു വേണ്ടി വരുന്ന ഏതാനും ചില ഉയർന്ന തസ്തികകൾക്കുള്ള ശമ്പളം നൽകുന്നതിനാവശ്യമായ സാമ്പത്തിക |

| | | | |
|---|---|---|---|
| | | | സഹായം നൽകുന്നതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ